ജയ ജയക്രിസ്തുവിൻ തിരുനാമം

പാപികൾക്കാനന്ദ വിശ്രാമം

ജയ ജയ നിർമ്മല സുവിശേഷം

കുരിശിൻ നിസ്തുല സന്ദേശം **ജയ ജയ.....**

പാപം തരുവതു വൻ മരണം

പാപം നിറയും എരിനരകം

കൃപയാൽ ദൈവം നൽകുവതോ

ക്രിസ്തുവിൽ പാപവിമോചനമെ **ജയ ജയ.....**

നരകാഗ്നിയിൽ നാം എരിയാതെ

ചിരകാലം നാം വലയാതെ

പരഗതി നമ്മൾക്കരുളാനായ്

പരമസുതൻ വന്നിഹെ നരനായ് **ജയ ജയ....**

ആത്മവിശപ്പിനു വിരുന്നും താൻ

പാപവിഷത്തിനു മരുന്നും താൻ

തീരാവിനകൾ തീർക്കുമവൻ

ധാരാളം കൃപ പകരുമവൻ **ജയജയ.....**

കുരിശിൽ ചിന്തിയ തൻ ചോര–

യ്ക്കൊരു നികരുണ്ടോയിനി വേറെ

തിരുനാമം പോലൊരു നാമം

തരുമോ ശാശ്വത വിശ്രാമം **ജയ ജയ....**

ഇതുപോൽ ഇനിയാർ സ്നേഹിപ്പാൻ?

ഇതുപോൽ ആരിനി സേവിപ്പാൻ?

അനുദിനം നമ്മെ പാലിപ്പാൻ

ആരുൺണ്ടിതുപോൽ വല്ലഭനായ്          ജയ ജയ.....

ഗുരു വരുന്നേശുവിന്നരികിൽ വരുമ്പോൾ

ആനന്ദം പരമാനന്ദം

തിരനിരതീർന്നിനിയക്കരെ നാട്ടിൽ

ചേരുമ്പോളെന്താനന്ദം                    ജയജയ....

jaya jayakristhuvin thirunaamam

paapikalkkaananda visraamam

jaya jaya nirmmala suvisesham

kurisin nisthula sandesam                    jaya jaya.....

paapam tharuvathu van maranam

paapam nirrayum erinarakam

krpayaal daivam nalkuvatho

kristhuvil paapavimochaname                    jaya jaya.....

narakaagniyil naam eriyaathe

chirakaalam naam valayaathe

paragathi nammalkkarulaanaay

paramasuthan vannihe naranaay                    jaya jaya....

aathmavisappinu virunnum thaan

paapavishaththinu marunnum thaan

theeraavinakal theerkkumavan

dhaaraalam krpa pakarumavan                    jaya jaya.....

kurisil chinthiya than chora-

ykkoru nikaru@enntaayini verre

thirunaamam poloru naamam

tharumo saasvatha visraamam jaya jaya....

ithupol iniyaar snehippaan?

ithupol aarini sevippaan?

anudinam namme paalippaan

aarunntithupol vallabhanaay jaya jaya.....

guru varunnesuvinnarikil varumpol

aanandam paramaanandam

thiraniratheernniniyakkare naattil

cherumpolenthaanandam jaya jaya....